**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 606** **09-08-2023 - ൽ മറുപടിയ്ക്ക്**

**എ ഐ ക്യാമറ -ധനകാര്യവകുപ്പിന്റെ നിർദ്ദേശം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. പി. സി. വിഷ്ണുനാഥ്** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സേഫ് കേരള പദ്ധതിയുടെ ഭാഗമായി എ ഐ ക്യാമറകൾ സ്ഥാപിക്കാനായി പ്രൊജക്റ്റ് മാനേജ്മെന്റ് കൺസൾട്ടൻസി ആയി കെൽട്രോണിനെ തെരഞ്ഞെടുത്തതിനെ ധനകാര്യ വകുപ്പ് എതിർത്തിരുന്നോ എന്ന് വ്യക്തമാക്കുമോ; | (എ) | **ധനകാര്യ വകുപ്പ് എതിർത്തിരുന്നില്ല. കെൽട്രോണിനെ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസി ആക്കാവുന്നതാണെന്നും ഒരു സുതാര്യമായ ടെൻഡർ നടപടികളിലൂടെ വെണ്ടറെ തെരഞ്ഞെടുക്കണമെന്നും സേഫ് കേരള പദ്ധതിയുമായി ബന്ധപ്പെട്ട ഗതാഗത വകുപ്പിന്റെ ഫയലിൽ ധനകാര്യ വകുപ്പ് ശിപാർശ ചെയ്തിരുന്നു.** |
| (ബി) | പ്രസ്തുത പദ്ധതിയ്ക്കായി കെൽട്രോൺ തയാറാക്കിയ എസ്റ്റിമേറ്റ് ധനകാര്യ വകുപ്പ് പരിശോധിച്ചിരുന്നോ എന്ന് വ്യക്തമാക്കുമോ; | (ബി) | ധനകാര്യവകുപ്പ് പരിശോധി-ച്ചിരുന്നു. |
| (സി) | പ്രസ്തുത എസ്റ്റിമേറ്റ് സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ പരിശോധനയുടെ ഭാഗമായി എന്തൊക്കെ നിർദേശങ്ങളാണ് മുന്നോട്ടുവച്ചതെന്ന് അറിയിക്കുമോ; | (സി) | പ്രസ്തുത പദ്ധതിയ്ക്കായി കെൽട്രോൺ തയ്യാറാക്കിയ എസ്റ്റിമേറ്റ് ധനകാര്യ വകുപ്പ് പരിശോധിക്കുകയും പി. എം. സി. ആയി നിശ്ചയിച്ചിട്ടുള്ള കെൽട്രോണിന്റെ കൺസൾട്ടിങ് ചാർജ് അഞ്ച് ശതമാനമായി കുറയ്ക്കണമെന്നും ടി പദ്ധതിയ്ക്കായുള്ള ഫണ്ട് ഏത് ഉറവിടത്തിൽ നിന്നാണ് കണ്ടെത്തുന്നതെന്ന് വ്യക്തമാക്കണമെന്നും പ്രസ്തുത എസ്റ്റിമേറ്റ് ഉൾപ്പെടുന്ന പദ്ധതിയ്ക്ക് മന്ത്രിസഭയുടെ അംഗീകാരം വാങ്ങേണ്ടതാണെന്നും **സേഫ് കേരള പദ്ധതിയുമായി ബന്ധപ്പെട്ട ഗതാഗത വകുപ്പിന്റെ ഫയലിൽ** ധനകാര്യവകുപ്പ് അഭിപ്രായപ്പെട്ടിരുന്നു. |
| (ഡി) | പ്രസ്തുത എസ്റ്റിമേറ്റ് സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ വിയോജിപ്പുകൾ അറിയിച്ചിരുന്നോ; വിശദാംശങ്ങൾ നൽകുമോ ? | (ഡി) | പ്രസ്തുത പദ്ധതിയ്ക്കായി കെൽട്രോൺ തയ്യാറാക്കിയ എസ്റ്റിമേറ്റ് ധനകാര്യ വകുപ്പ് പരിശോധിക്കുകയും പി. എം. സി. ആയി നിശ്ചയിച്ചിട്ടുള്ള കെൽട്രോണിന്റെ കൺസൾട്ടിങ് ചാർജ് അഞ്ച് ശതമാനമായി കുറയ്ക്കണമെന്നും ടി പദ്ധതിയ്ക്കായുള്ള ഫണ്ട് ഏത് ഉറവിടത്തിൽ നിന്നാണ് കണ്ടെത്തുന്നതെന്ന് വ്യക്തമാക്കണമെന്നും പ്രസ്തുത എസ്റ്റിമേറ്റ് ഉൾപ്പെടുന്ന |

| | | | |
|---|---|---|---|
| | | | പദ്ധതിയ്ക്ക് മന്ത്രിസഭയുടെ അംഗീകാരം വാങ്ങേണ്ടതാണെന്നും **സേഫ് കേരള പദ്ധതിയുമായി ബന്ധപ്പെട്ട ഗതാഗത വകുപ്പിന്റെ ഫയലിൽ** ധനകാര്യവകുപ്പ് അഭിപ്രായപ്പെട്ടിരുന്നു. |

സെക്ഷൻ ഓഫീസർ